**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 324** | **08/02/2016 ൽ മറുപടിക്ക്** |
|---|---|

# വിജിലൻസ് കേസ്സുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാന സർക്കാർ വിജിലൻസിന് വിട്ട കേസ്സുകൾ എത്ര; കോടതികൾ വിജിലൻസിന് വിട്ട കേസ്സുകൾ എത്ര; വ്യക്തമാക്കാമോ; | (എ) | വിജിലൻസ് അന്വേഷണം നടത്തുന്നതിന് മാത്രമേ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കുറ്റകൃത്യം തെളിഞ്ഞാൽ മാത്രമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. സ്വകാര്യ അന്യായത്തിനു മേൽ കോടതി പ്രാഥമികാന്വേഷണത്തിന് ഉത്തരവിടുകയും പ്രാഥമികാന്വേഷണം നടത്തി കുറ്റകൃത്യം നടന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 765 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ പിൻവലിക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് നൽകിയ വിജിലൻസ് കേസ്സുകൾ എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ; | (ബി) | 12 കേസുകൾ പിൻവലിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ വിജിലൻസിൽ തീർപ്പാക്കാത്ത എത്ര കേസ്സുകൾ ഉണ്ട്; ഇവയിൽ എത്ര വർഷം വരെ പഴക്കം ചെന്നവയുണ്ട്; വ്യക്തമാക്കാമോ | (സി) | നിലവിൽ അന്വേഷണം പൂർത്തിയാകാത്ത 526 കേസുകൾ ഉണ്ട്. ഇതിൽ ഏറ്റവും പഴക്കമുള്ളത് 2003 ലേതാണ്. |
| (ഡി) | ഇക്കാലയളവിൽ ടോൾഫ്രീ നമ്പർ വഴി വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; വ്യക്തമാക്കാമോ; ഇവയിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട കേസ്സുകൾ എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ടോൾഫ്രീ മുഖാന്തിരം 11026 പരാതികൾ ലഭിച്ചു. ടി പരാതികളുടെ അടിസ്ഥാനത്തിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെയുള്ള കാലയളവിൽ എത്ര കേസ്സുകൾ സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം; വിശദമാക്കാമോ; | (ഇ) യും (എഫ്) ഉം | കേസുകൾ കൈമാറിയിട്ടില്ല. |
| (എഫ്) | ഇവയിൽ സി.ബി.ഐ. അന്വേഷണത്തിന് വിജ്ഞാപനം പുറപ്പെടുവിച്ച കേസ്സുകൾ ഏതെല്ലാം; വിജ്ഞാപനം പുറപ്പെടുവിക്കാത്തവ ഏതെല്ലാം; വ്യക്തമാക്കാമോ; | | |
| (ജി) | ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നിലവിൽ നടക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ ഇതുവരെ സംസ്ഥാനത്തെ എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് പ്രോസിക്യൂഷൻ ഉത്തരവ് നൽകിയിട്ടുണ്ട്; ഇപ്രകാരം പിൻവലിക്കപ്പെട്ട കേസ്സുകൾ ഏതെല്ലാം; ഇവ ഏതെല്ലാം സെക്ഷൻസ് ഉൾപ്പെടുത്തിയിരുന്നവയും ഏതെല്ലാം കോടതിയിൽ ഉള്ളവയും ആയിരുന്നു; വ്യക്തമാക്കാമോ? | (ജി) | ശ്രീ.അടൂർ പ്രകാശിനെതിരെ വി.സി.02/2008/എൻ.ആർ.കെ നമ്പരിൽ വിജിലൻസ് അന്വേഷണം നടക്കുന്നു. പിൻവലിക്കാൻ ഉത്തരവ് നൽകിയ വിജിലൻസ് കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1. വി.സി. 01/2004/കെ.റ്റി.എം. (സി.സി. 29/2009).

കോട്ടയം സഹകരണ അർബൻ ബാങ്ക് ഏറ്റുമാനൂർ ബ്രാഞ്ചിലെ മാനേജർ ശ്രീമതി. പി.വി. സരളകുമാരി, കാഷ്യർ ശ്രീ. മൻമഥൻ, ജൂനിയർ ക്ലാർക്ക് ശ്രീമതി. സോഫി ജോസഫ് എന്നിവർക്കെതിരെ 2002-2003 കാലയളവിൽ ആരോപിക്കപ്പെട്ട ധനദുർവിനിയോഗവുമായി ബന്ധപ്പെട്ട കേസ്. 06..03..2013 തീയതിയിലെ 3958/ബി2/2012/വിജി. എന്ന സർക്കാർ കത്തിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് പിൻവലിക്കാൻ സർക്കാർ നിർദ്ദേശം നൽകി. പിൻവലിക്കുന്നതിനുള്ള ഹർജി 25..10..2014-ൽ കോട്ടയം വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും കോടതി ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. വി.സി. 11/2008/ എ.എൽ.പി.

ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ ഒഫ്താൽമോളജി വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോക്ടർ മുഹമ്മദ് ഹനീഫ് 1000/- രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട കേസ്. 28..12..2012 - ലെ ജി.ഒ.(എം.എസ്.) 61/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവായി. ഇതു പ്രകാരം കോടതിയിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും വന്നിട്ടില്ല.

3. വി.സി. 12/2003/ കെ.എൻ.ആർ.

കണ്ണൂർ ജില്ലയിലെ ആലക്കോട് പോലീസ് സ്റ്റേഷനിലെ ഹെഡ് കോൺസ്റ്റബിൾ ആയിരുന്ന ശ്രീ. എം. രാമൻ 2003 - ൽ 500/- രൂപ

കൈക്കൂലി ആവശ്യപ്പെട്ടതുമായ കേസ്. 18..05..2012- തീയതിയിലെ ജി.ഒ.(എം.എസ്) 17/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുകയും 13..06..2012 -ൽ കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

4. <u>വി.സി. 08/2006/ കെ.എൻ.ആർ.</u>

കണ്ണൂർ ജില്ലയിലെ കരിവള്ളൂർ ഖാദി സബ് സെൻററിലെ ഫസ്റ്റ് ഗ്രേഡ് അസിസ്റ്റൻറ് ശ്രീ. വി. വിജയനെതിരായി കരിവള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1997 - 2004 കാലഘട്ടത്തിൽ 2,13,372/- രൂപ പിൻവലിച്ച് ദുർവിനിയോഗം ചെയ്ത കേസ്. 19..11..2013 തീയതിയിലെ ജി.ഒ.(എം.എസ്) 37/2013/വിജി. എന്ന ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ സർക്കാർ ഉത്തരവ് നൽകുകയും അതനുസരിച്ച് കോഴിക്കോട് കോടതിയിൽ 07..12..2013-ൽ കോടതിയിൽ അപേക്ഷ നൽകുകയും ചെയ്തു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

5. <u>വി.സി. 02/2005/ കെ.എൻ.ആർ. (സി.സി. 43/2008).</u>

ശ്രീ. പി.എസ്. സാബു, ശ്രീ. കെ. നാരായണൻകുട്ടി, ശ്രീ. കുര്യൻ എബ്രഹാം ബെന്നി തോമസ്, ശ്രീ.ജോജി വർഗ്ഗീസ്, ശ്രീ.ജോയ് മുണ്ടപ്പതിൽ എന്നിവർ പ്രതികളായ കേസ്. 06..08..2014 - തീയതിയിലെ ജി. ഒ. (എം.എസ്) 20/2014/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആയിട്ടുണ്ട്. കോഴിക്കോട് കോടതിയിൽ 30..08..2014-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഉത്തരവ് ലഭിച്ചിട്ടില്ല.

6. <u>വി.സി.02/2006/എസ്.സി.ഇ.</u>

വരവിൽകവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപാലകൃഷ്ണ പിള്ള ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം എന്ന വ്യക്തിക്കെതിരായ കേസ്. 22..09..2014 - ലെ

ജി.ഒ.(എം.എസ്) 31/2014/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആയി. തൃശ്ശൂർ കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടില്ല.

7. <u>വി.സി. 12/2003/ എസ്.ഐ.യു - I.</u>

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഫോറസ്റ്റ് റെയ്ഞ്ചിനു കീഴിലെ ചോഴിക്കോട് ശംഖിലി വനങ്ങളിൽ നിന്ന് 1998 - ൽ ഏകദേശം 1,79,800 രൂപയോളം വില വരുന്ന മണൽ കടത്തിയതുമായി ബന്ധപ്പെട്ടതാണ് ഈ കേസ്. 26..11..2014 - ലെ ജി.ഒ.(എം.എസ്) 37/2014/വിജി. നമ്പർ സർക്കാർ ഉത്തരവിലൂടെ കേസ് പിൻവലിക്കാൻ ബ്യൂറോയോട് നിർദ്ദേശിച്ച പ്രകാരം മേൽ നടപടികൾക്കായി കോടതിയിൽ സമർപ്പിച്ചു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

8. <u>വി.സി. 06/2004/ കെ.റ്റി.എം.</u>

കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കുന്ന സി.സി.45/2010 എന്ന കേസിൽ ശ്രീ.ബി.സോമനാഥൻ നായർ, മുൻ പ്രിൻസിപ്പാൾ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്ന വ്യക്തിയെ പ്രതി പട്ടികയിൽ നിന്നും ഒഴിവാക്കാൻ 31..01..2015 - ലെ ജി.ഒ.(എം.എസ്) 04/2015/വിജി. നമ്പർ സർക്കാർ ഉത്തരവ് നൽകുകയും തുടർനടപടികൾക്കായി കോട്ടയം ഉപനിയമോപദേഷ്ടാവിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

9. <u>വി.സി. 03/1997/കെ.എസ്.ഡി.</u>

ശ്രീ. സുന്ദർ സിംഗം മറ്റ് രണ്ട് പേരും 1997-ൽ (കൃഷി ഓഫീസർ, ഗൗളിമുഖ, കാസർകോഡ് ജില്ല) 75,000/- രൂപ ദുർവിനിയോഗം

ചെയ്തതായ ആരോപണത്തിൻമേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18..01.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി) 11/2014/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആകുകയും 17..04..2014-ൽ കോഴിക്കോട് കോടതി അത് അംഗീകരിക്കുകയും ചെയ്തു.

10. വി.സി. 01/2001/എ.എൽ.പി.

ശ്രീ. കെ.കെ. ശശിധരൻ, (മുൻ ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ്), ശ്രീ.കെ.ബാബു (എൻജിനീയർ), ശ്രീ.സി.എസ്.സുകുമാരപണിക്കർ (കോൺട്രാക്ടർ), ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റന്റ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15,907/- രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിൻമേലുള്ള കേസ് 30..03..2012 തീയതിയിലെ ജി.ഒ.(എം.എസ്) 13/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവാകുകയും 31..03..2014-ൽ കോട്ടയം കോടതി അംഗീകരിക്കുകയും ചെയ്തു.

11. വി.സി. 06/2009/സി.ആർ.ഇ.
12. വി.സി. 07/2009/സി.ആർ.ഇ.

ശ്രീ. ജി. മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ) 2005 - 2006 കാലയളവിൽ മാസ ശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20.06.2012 -ലെ 31/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം 25..09..2012-ൽ തൃശ്ശൂർ വിജിലൻസ് കോടതി പിൻവലിച്ചു.

ചെയർമാൻ മെമ്പർ